DISPATCHED
08/06/2020

06/03/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1529(4)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.9859/SIC-Gen 2/2015**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സോഹൻ .എം,
'വൈഷ്ണവി',
ഇ.എസ്.ഐ. ഹോസ്പിറ്റലിന് സമീപം,
ഫറോക്ക്, കോഴിക്കോട്. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
   പള്ളിക്കൽ ഗ്രാമപഞ്ചായത്ത് കാര്യാലയം,
   പള്ളിക്കൽ പി.ഒ., മലപ്പുറം – 673 634.

2. അപ്പീലധികാരി & പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്,
   സിവിൽ സ്റ്റേഷൻ, മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 15.12.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.01.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03.02.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 03.03.2015 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 02.06.2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 10.06.2015 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 15.12.14ന് ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് അവ്യക്തവും അപൂർണ്ണവുമായ മറുപടിയാണ് ലഭിച്ചതെന്നും, ഒന്നാം അപ്പീലധികാരി രണ്ടു ദിവസത്തിനകം മറുപടി നൽകാൻ ഉത്തരവിട്ടിട്ടും, ഒന്നാം എതിർകക്ഷി അതു ചെയ്തില്ലെന്നും പരാതിപ്പെട്ടാണ് ടിയാൻ 02.06.15ന് കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ നിർദ്ദേശപ്രകാരം ഒന്നാം എതിർകക്ഷി 11.01.16ൽ കമ്മീഷന് റിപ്പോർട്ട് നൽകി.

അപേക്ഷകന്റെ മൂന്നാം ചോദ്യത്തിന് 'ഇല്ല' എന്നതിനു പകരം 'ബാധകമല്ല' എന്ന് തെറ്റായാണ് മറുപടി നൽകിയിരുന്നതെന്നും, ഒന്നാം അപ്പീലധികാരിയുടെ ഉത്തരവിനെ തുടർന്ന് ടിയാന് മറുപടി അയച്ചുകൊടുത്തതാണെന്നും, ടി മറുപടി

കക്ഷിക്ക് ലഭിച്ചിട്ടില്ലെന്നു മനസിലാക്കുന്നതിനാൽ ടി മറുപടിയുടെ കോപ്പി 09.07.15ന് വീണ്ടും അയച്ചുകൊടുത്തുവെന്നും ടി റിപ്പോർട്ടിൽ പറഞ്ഞു.

3. ഇതിനുശേഷം കമ്മീഷൻ 02.02.19ൽ മലപ്പുറം കളക്ടറേറ്റിലെ വീഡിയോ കോൺഫറൻസ് സംവിധാനം വഴി ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

നേരത്തെ റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ ഒന്നാം എതിർകക്ഷി ഹിയറിംഗിലും പറഞ്ഞു.

4. ഒന്നാം എതിർകക്ഷിയുടെ മൊഴിയും, അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷി കൃത്യമായ മറുപടി 09.07.15ന് അപ്പീൽ ഹർജി ക്കാരന് നൽകിയിട്ടുള്ളതായി കമ്മീഷൻ കരുതുന്നു. ഇതിനും ഒരു മാസം മുമ്പാണ് (02.06.15ൽ) ടിയാൻ കമ്മീഷന് അപ്പീൽ നൽകിയിരിക്കുന്നത്. ഇതിനുശേഷം ഇപ്പോൾ ടി മറുപടി രജിസ്റ്റേർഡ് തപാൽ മാർഗം ഒന്നാം എതിർകക്ഷി 02.02.19ൽ അപ്പീൽ ഹർജിക്കാരന് വീണ്ടും അയച്ചുകൊടുക്കുകയും, അതിന്റെ പകർപ്പ് കമ്മീഷന് നൽകുകയും ചെയ്തിട്ടുണ്ട്.

5. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവ സാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 മാർച്ച് മാസം 6-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.